(സി) 1985-86-ൽ പരസ്യത്തിനായി തുക ചെലവാക്കിയിട്ടില്ല.

ശക്തിവിലാസം സർവ്വീസ് സഹകരണ സംഘം

65 [73] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം പഞ്ചായത്തിലെ ശക്തി വിലാസം സർവ്വീസ് സഹകരണ സംഘം രജിസ്ട്രേഷൻ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുപ്പു നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഹൈക്കോടതിയിൽ ഇപ്പോൾ നിലവിലുള്ള 7707/85-ാം നമ്പർ ഒ. പി. തീർപ്പാക്കിയതിനുശേഷം മാത്രമേ തെരഞ്ഞെടുപ്പു നടത്തുവാൻ സാധിക്കുകയുള്ളൂ.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## II ചരമോപചാരം

### ശ്രീ. എബ്രഹാം മാസ്റ്റർ, പ്രൊഫസർ എൻ. കെ. ശേഷൻ ശ്രീ. കെ. എസ്. നായർ, വി. രാജഗോപാലൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

ആന്ധ്രാപ്രദേശ് ഗവർണ്ണറും തിരു-കൊച്ചി കേരള നിയമസഭാംഗവും അവിഭക്ത കെ. പി. സി. സി. യുടെ അദ്ധ്യക്ഷനും 9.30 a.m.] ആയിരുന്ന ശ്രീ. എബ്രഹാം മാസ്റ്റർ, മുൻധനകാര്യമന്ത്രിയായിരുന്ന പ്രൊഫസർ എൻ. കെ. ശേഷൻ, കേരള നിയമസഭാംഗങ്ങളായിരുന്ന സർവ്വശ്രീ. കെ. എസ്. നായർ, എം. വി. രാജഗോപാലൻ എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

അചഞ്ചലമായ ആദർശധീരതയുടേയും സ്പഷ്ടികതുല്യമായ ലാളിത്യത്തിന്റേയും അസാമാന്യമായ വ്യക്തി പ്രഭാവത്തിന്റേയും നിശ്ചയദാർഢ്യത്തിന്റേയും ഉടമയായിരുന്നു ശ്രീ. എബ്രഹാം മാസ്റ്റർ. എറണാകുളം മഹാരാജാസ് കോളേജിലും മദ്രാസ് ക്രസ്ത്യൻ കോളേജിലും സെയ്ന്റ്റ് ജോസഫ്സ് ട്രെയിനിംഗ് കോളേജിലും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഇരുപത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം ചെറായി രാമവർമ്മ യൂണിയൻ ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായി. മുപ്പതുകൊല്ലത്തിലേറെ വിദ്യാർത്ഥിഹൃദയങ്ങളിലും ജനഹൃദയങ്ങളിലും സ്നേഹനിധിയായ ഒരു മാതൃകാദ്ധ്യാപകനെന്ന സ്ഥാനം അലങ്കരിച്ച അദ്ദേഹം അദ്ധ്യാപക വൃത്തിയിൽ നിന്നും വിരമിച്ചശേഷമാണ് ഒരു പൂർണ്ണ സമയരാഷ്ട്രീയ പ്രവർത്തകനായി മാറിയത്. അദമ്യമായ ആദർശനിഷ്ഠയോടുംകൂടെ അതിനിപുണമായ കർമ്മപാടവംകൊണ്ടും രാഷ്ട്രീയ ജീവിതത്തിന്റെ ഉന്നതശ്രേണികളിലെത്താൻ അദ്ദേഹത്തിന് അധികനാൾ വേണ്ടിവന്നില്ല. 1954-ൽ തിരുവിതാംകൂർ-കൊച്ചി നിയമസഭയിലേയ്ക്കും 1957, 1960, 1965 എന്നീ വർഷങ്ങളിൽ കേരള നിയമസഭയിലേക്കും ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലും അഷ്വറൻസ് കമ്മിറ്റിയിലും അംഗമായിരുന്ന എബ്രഹാം മാസ്റ്റർ കഴിവുറ്റ ഒരു പാർലമെന്റേറിയനായിരുന്നു. 1954-ൽ കെ. പി. സി. സി. അംഗമായ അദ്ദേഹം 1964-ൽ കെ. പി. സി. സി. പ്രസിഡന്റായി. പിന്നീട് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗവുമായി.



LIBRARY ARCHIVES Kerala Legislative Assembly

1969-ലെ നിർണ്ണായകഘട്ടത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഐക്യത്തിനുവേണ്ടി അങ്ങേയറ്റം ശ്രമിച്ച ശ്രീ. എബ്രഹാം മാസ്റ്റർ ദേശീയതലത്തിൽ കൂടുതൽ ശ്രദ്ധേയനായി. തന്റെ വിശ്വാസപ്രമാണങ്ങളും ഉന്നതാദർശങ്ങളും ഉയർത്തി പിടിച്ചുകൊണ്ട്, തന്നെത്തേടിവന്ന ഉന്നതസ്ഥാനങ്ങളെ കൂസൽ കൂടാതെ തിരസ്ക്കരിക്കുകയും നിസ്വാർത്ഥമായ തന്റെ സേവനപഥത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. അത്യുന്നതസ്ഥാനങ്ങളുടെ ആകർഷണത്തിൽപ്പെട്ട് തന്റെ ഉറച്ച വിശ്വാസങ്ങളിൽ കടുകിട മാറ്റം വരുത്തുവാൻ ശ്രീ. എബ്രഹാം മാസ്റ്റർ തയ്യാറായില്ല. ഉന്നതാധികാരസ്ഥാനങ്ങളേക്കാൾ ഉന്നതാദർശങ്ങൾക്കാണ് അദ്ദേഹം തന്റെ ജീവിതത്തിൽ പ്രാമുഖ്യം നൽകിയത്. അദ്ദേഹത്തിന്റെ ആദർശ ശുദ്ധിക്കും, ആത്മാർത്ഥതയ്ക്കുമുള്ള അംഗീകാരമെന്നോണം 1978-ൽ അദ്ദേഹം ആന്ധ്രാപ്രദേശ് ഗവർണറായി നിയമിതനാവുകയും അഞ്ചുകൊല്ലക്കാലം സ്തുത്യർഹമായ രീതിയിൽ ആ പദം അലങ്കരിക്കുകയും ചെയ്തു. പ്രകൃത്യാ സൗമ്യശീലനും ശാന്തപ്രകൃതിയുമായിരുന്നുവെങ്കിലും താൻ കാത്തുസൂക്ഷിച്ചുപോന്ന ആദർശമൂല്യങ്ങളും ഉയർത്തിപ്പിടിക്കുവാനും അതിൽനിന്നും അൽപ്പംപോലും വ്യതിചലിക്കാതിരിക്കുവാനും അദ്ദേഹം നിഷ്ക്കർഷിച്ചു. പഴയ തലമുറയിലെ രാഷ്ട്രീയ നേതാക്കൻമാരിൽ പ്രഥമഗണനീയനായ ശ്രീ. എബ്രഹാം മാസ്റ്റർ ആദർശവാനായ ഒരു രാഷ്ട്രീയനേതാവിനാവശ്യമായ എല്ലാ ഗുണങ്ങളുടേയും വിളനിലമായിരുന്നു. സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച മാസ്റ്റർ പൊതുരംഗത്തേക്ക് യുവതലമുറയെ കൊണ്ടുവരുന്നതിന് എന്നും ഒരു പ്രോൽസാഹന ഘടകമായിരുന്നു. പുതിയ തലമുറയ്ക്ക് അനുകരണീയമായ പ്രവർത്തന ശൈലിയുടേയും വ്യക്തിത്വത്തിന്റേയും ഉടമയായിരുന്നു ശ്രീ. എബ്രഹാം മാസ്റ്റർ. അദ്ദേഹത്തിന്റെ നിര്യാണം നമ്മെ അഗാധദുഃഖത്തിലാഴ്ത്തിയിരിക്കുന്നു.

മൂന്നാം കേരള നിയമസഭയിൽ അംഗമായിരുന്ന പ്രൊഫസർ എൻ. കെ. ശേഷൻ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽനിന്നും ധനതത്വശാസ്ത്രത്തിൽ ബിരുദവും തുടർന്ന് നാഗപ്പൂർ സർവ്വകലാശാലയിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും നേടിയശേഷം സെന്റ് തോമസ് കോളേജിൽതന്നെ ഇംഗ്ലീഷ് അദ്ധ്യാപകനായി ചേർന്നു. കോളേജിൽ ഇംഗ്ലീഷ് വിഭാഗത്തിന്റെ തലവനായും കാലിക്കട്ട് സർവ്വകലാശാലയുടെ ഫാക്കൽട്ടി ഓഫ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചറിന്റെ ഡീനായും പ്രൊഫസർ ശേഷൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1948-ൽ സോഷ്യലിസ്റ്റ് പാർട്ടിയിൽ അംഗമായി ചേർന്ന് കേരള രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം, സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റി ജനറൽ സെക്രട്ടറിയായും പാർട്ടിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. ഒടുവിൽ അദ്ദേഹം കോൺഗ്രസ് പാർട്ടിയിൽ ചേരുകയുണ്ടായി. 1965-ലും 1967-ലും വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നാണ് അദ്ദേഹം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 1969-ൽ ശ്രീ. സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്ന പ്രൊഫസർ ശേഷൻ 1970 ഏപ്രിലിൽ മന്ത്രിപദം രാജിവയ്ക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് രൂപം കൊണ്ടത്. വിദ്യാഭ്യാസവിചക്ഷണനും വാഗ്മിയും ഗ്രന്ഥകർത്താവും സംഗീതപ്രേമിയും ആയിരുന്ന അദ്ദേഹം സമർത്ഥനായ ഒരു നിയമസഭാസാമാജികനുമായിരുന്നു. നിയമസഭയുടെ ലൈബ്രറി ഉപദേശകസമിതിയിലും അദ്ദേഹം അംഗമായിരുന്നു. "വോയിസ് ഓഫ് ഇന്ത്യ", എന്ന പേരിൽ രവീന്ദ്രനാഥ ടാഗൂറിന്റെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ജീവചരിത്ര ഗ്രന്ഥവും ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരെപ്പറ്റി ഒരു ഇംഗ്ലീഷ് ഗ്രന്ഥവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശേഷൻ മാസ്റ്റർ റുടെ ഒരു വിദ്യാർത്ഥിയായിരിക്കാനും അദ്ദേഹത്തിന്റെ സ്നേഹവാൽസല്യങ്ങൾക്ക് പാത്രമാകാനുമുള്ള അസുലഭഭാഗ്യം എനിക്ക് ലഭിച്ചിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ നിര്യാണം വ്യക്തിപരമായ ഒരു തീരാനഷ്ടം കൂടിയാണ്.

ശ്രീ. കെ. എസ്. നായർ കോൺഗ്രസ്സിലൂടെയാണ് ആദ്യമായി പൊതുരംഗത്തേക്കു കടന്നുവന്നത്. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്ത അദ്ദേഹം 1940-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി. 1943-45 കാലഘട്ടത്തിൽ നാട്ടികയിൽ ക്ഷാമം കൊടുമ്പിരിക്കൊണ്ട സമയത്ത് ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് അദ്ദേഹം നൽകിയ നേതൃത്വം സ്മരണീയമാണ്. നാട്ടിക ഫർക്ക റൂറൽ ബാങ്കിന്റെ പ്രസിഡന്റ്, മലബാർ ഡിസ്ട്രിക്റ്റ് ബോർഡംഗം, കമ്മ്യൂണിസ്റ്റുപാർട്ടി ജില്ലാസെക്രട്ടറി, സംസ്ഥാന ആക്ടിംഗ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ശ്രീ. നായർ 1967-ൽ നടന്ന തെരഞ്ഞെടുപ്പിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിൽനിന്നും മാർക്സിസ്റ്റു പാർട്ടിയുടെ സ്ഥാനാർത്ഥിയായി കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നല്ലൊരു നിയമസഭാസമാജികനായിരുന്ന അദ്ദേഹം നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിൽ അംഗമായിരുന്നിട്ടുണ്ട്. പൊതുരംഗത്ത് നാല് ദശാബ്ദക്കാലം പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന് നിരവധി തവണ ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. നാട്ടിക ഫർക്കയിലും മറ്റും കർഷക പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം സജീവമായ പങ്ക് വഹിച്ചിരുന്നു. വലപ്പാട്ടെ ആദ്യത്തെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ സ്ഥാപനമെന്നു പറയാവുന്ന ശ്രീരാമപോളിടെക്നിക്കിന്റെ സ്ഥാപക കറസ്പോണ്ടന്റ് എന്ന നിലയിലും അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ എക്കാലവും സ്മരണീയമാണ്.

'രാജു മാസ്റ്റർ' എന്ന അപര നാമധേയത്താൽ അറിയപ്പെട്ടിരുന്ന ശ്രീ. എം. വി. രാജഗോപാലൻ 1956 മുതൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഒരു പ്രവർത്തകനായിരുന്നു. ഏറെ താമസിയാതെ സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം അതുല്യമായ ഊർജ്ജസ്വലതയും സംഘടനാപാടവവും കൊണ്ട് ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റിയ ഒരു ഉന്നത നേതാവായിത്തീർന്നു. അടിയന്തിരാവസ്ഥക്കാലത്ത് ഇരുപത്തിയൊന്നു മാസത്തോളം അദ്ദേഹം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. 1979 മേയിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും അദ്ദേഹം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1980-ലും ആറാം കേരള നിയമസഭയിലേക്ക് അതേ നിയോജക മണ്ഡലത്തിൽനിന്നും അദ്ദേഹം വീണ്ടും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലെ അംഗമെന്ന നിലയിൽ അദ്ദേഹമൊരുമിച്ച് കൂടുതൽ സഹകരിച്ചു പ്രവർത്തിക്കുവാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയുടെ തലശ്ശേരി ഏരിയ സെക്രട്ടറിയായും ജില്ലാ കമ്മിറ്റി അംഗമായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. മാഹി സ്പിന്നിംഗ്മിൽസ് വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി, വോൾക്കാർട്ട് ബ്രദേഴ്സ് തെഴിലാളി യൂണിയൻ സെക്രട്ടറി, തലശ്ശേരി ടൗൺ ആട്ടോറിക്ഷാ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ് എന്നീ നിലകളിലും അദ്ദേഹം പ്രശസ്തമായ സേവനം കാഴ്ച വച്ചിട്ടുണ്ട്. നല്ലൊരദ്ധ്യാപകനും തൊഴിലാളി പ്രവർത്തന രംഗത്ത് ധീരതയുടേയും സാഹസികതയുടേയും പ്രതീകവുമായിരുന്ന രാജു മാസ്റ്ററുടെ നിര്യാണം നമ്മിൽ വരുത്തിവച്ച നഷ്ടം അപരിഹാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അന്തരിച്ച ഈ മഹത്വ്യക്തികളോടുള്ള ബഹുമാനസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു).

# III ആദരാഞ്ജലി

## തീവണ്ടി ദുരന്തത്തിൽ മൃതിയടഞ്ഞവർക്ക്

മി. സ്പീക്കർ : ഇക്കഴിഞ്ഞ ഫെബ്രുവരി 28-ാം തീയതി വെളുപ്പിന് തലശ്ശേരിയിൽ ഉണ്ടായ തീവണ്ടി ദുരന്തത്തെ തുടർന്നു ഇരുപത്തിയേഴുപേർ മരിക്കുകയും ഒട്ടനവധി പേർക്ക് പരിക്കുപറ്റുകയും ചെയ്തു. അടുത്ത കാലത്ത് കേരളം കണ്ട അതിഭാരുണമായ ഈ അത്യാഹിതം ഉളവാക്കിയ ആഘാതത്തിൽനിന്ന് നാം ഇനിയും വിമുക്തമായിട്ടില്ല. മൃതിയടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കുള്ള ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം, ഈ സംഭവത്തിൽ ഈ സഭയുടെ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് നമുക്ക് അൽപ്പനേരം എഴുന്നേറ്റു നിൽക്കാം.

(സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്നു മൗനം ആചരിച്ചു.)

# IV അടിയന്തിരപ്രമേയം

## നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഗവൺമെന്റിന്റെ നടപടി

മി. സ്പീക്കർ : ഓർഡർ, ഓർഡർ, അടിയന്തിരപ്രമേയം.

രേണഘടനയുടെ വിശാലമായ താൽപ്പര്യങ്ങളേയും ആരോഗ്യകരമായ എല്ലാ കീഴ്വഴക്കങ്ങളേയും കാറ്റിൽ പറത്തിക്കൊണ്ട്, സഭയുടെയും അംഗങ്ങളുടെയും ന്യായമായ അവസരങ്ങൾ നിഷേധിക്കുകയും അംഗങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്തതായി പറയപ്പെടുന്ന ഗവൺമെന്റിന്റെ നിലപാടിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബേബിജോൺ, ശ്രീമതി കെ. ആർ. ഗൗരിയമ്മ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. കാനം രാജേന്ദ്രൻ, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. എ. വി. താമരാക്ഷൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, രേണഘടന അനുശാസിക്കുന്ന വ്യവസ്ഥകളെയോ കീഴ്വഴക്കങ്ങളെയോ ഒരിക്കലും ലംഘിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിച്ചിട്ടില്ല, ആഗ്രഹിക്കുകയുമില്ല. ഈ സഭ വിളിച്ചുകൂട്ടിയത് ഭരണഘടനയുടെ ഏതെങ്കിലും തരത്തിലുള്ള ലംഘനമായി ഗവൺമെന്റ് കാണുന്നില്ല, അങ്ങനെ അല്ലെന്നുള്ളതാണ് സത്യം. ഈ നിയമസഭ വിളിച്ചുകൂട്ടാൻ ഇത്ര ദിവസം വേണമെന്ന് ഒരു സ്ഥലത്തും പ്രതിപാദിക്കുന്നില്ല. നേരെമറിച്ച് അംഗങ്ങൾക്ക് ചോദ്യം കൊടുക്കുന്നതിന് സൗകര്യമുണ്ടാക്കുന്നതിനുവേണ്ടി നിയമസഭാ ചട്ടത്തിൽ 12 ദിവസം ആവശ്യപ്പെട്ടിട്ടുണ്ട്. നിയമസഭാ ചട്ടങ്ങളിലാകട്ടെ, രേണഘടനയിലാകട്ടെ, നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly